**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1732** — **13.07.2011-ൽ മറുപടിക്ക്**

## കരകൗശല വികസന കോർപ്പറേഷന്റെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് കരകൗശല വികസന കോർപ്പറേഷന്റെ പുരോഗതിയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ; | (എ) നവി മുംബൈയിൽ കേരള ഹൗസിലും തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിലും പുതിയ ഷോറൂമുകൾ തുടങ്ങി. കോഴിക്കോട്ടും കൊല്ലത്തും തിരുവല്ലയിലും പ്രവർത്തിക്കുന്ന വിൽപനശാലകൾ കൂടുതൽ വ്യാപാര സാധ്യതയുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ഊട്ടി കൈരളി ഷോറൂം മോടി പിടിപ്പിച്ചു. കരകൗശല ഉല്പാദന പ്രക്രിയയിൽ തനതായ പാരമ്പര്യം നിലനിർത്തി പുതിയ സാങ്കേതികവിദ്യ പകരുന്നതിന്റെ ഭാഗമായി ആധുനിക 3 ഡി പെന്റോഗ്രാഫ് വുഡ് വർക്കിംഗ് മെഷീൻ സ്ഥാപിച്ചു. തിരുവനന്തപുരത്തെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിന് 150 ലക്ഷം രൂപയും അട്ടക്കുളങ്ങരയിൽ പുതിയ വില്പനശാല ആരംഭിക്കാൻ 25 ലക്ഷം രൂപയും അനുവദിച്ചു.<br>കുറഞ്ഞ പലിശ നിരക്കിൽ കരകൗശല ശില്പികൾക്ക് NBCFDC യുടെ ലോൺ പദ്ധതിയിൻ കീഴിൽ വായ്പ ലഭ്യമാക്കാൻ കഴിഞ്ഞു. 2001-06 കാലഘട്ടത്തിൽ കരകൗശല ശില്പികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർത്തു. കരകൗശല രംഗത്ത് 2 കോടി രൂപയുടെ റോ മെറ്റീരിയൽ ബാങ്ക് പദ്ധതി നടപ്പിലാക്കി. 2010-11 സാമ്പത്തിക വർഷത്തിൽ 1000 |

| | | | |
|---|---|---|---|
| | | | കരകൗശല തൊഴിലാളികളെ ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചു. നഷ്ടത്തിലായിരുന്ന കോർപ്പറേഷൻ കഴിഞ്ഞ നാലു വർഷങ്ങളിലും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | എത്ര പുതിയ ഷോറൂമുകൾ ആരംഭിക്കാൻ കഴിഞ്ഞു; അവ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ? | (ബി) | രണ്ട്.<br>1. കേരള ഹൗസ്, നവി മുംബൈ.<br>2. ഇന്റർനാഷണൽ എയർപോർട്ട്, തിരുവനന്തപുരം. |

സെക്ഷൻ ഓഫീസർ